ഉത്തരം

(എ)-(സി) ബി.എഡിന് വിഷയമായി ജിയോഗ്രഫി അംഗീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ആവശ്യം അക്കാദമിക് കാര്യമായതിനാൽ സർവ്വകലാശാലകളാണ് നടപടി സ്വീകരിയ്ക്കേണ്ടത്. കേരള സർവ്വകലാശാലയും മഹാത്മാഗാന്ധി സർവ്വകലാശാലയും ബി.എഡിന് വിഷയമായി ജിയോഗ്രഫി അംഗീകരിച്ചിട്ടുണ്ട്.

കൈയേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടി

67 (850) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ഗവൺമെൻറ് കോളേജിന്റെ വസ്തു സ്വകാര്യ വ്യക്തികൾ കൈയേറിയതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പത്താം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിന്റെ ചോദ്യം 1409 ൽ കൈയേറ്റക്കാരെ ഒഴിപ്പിക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ഇതുവരെയും കൈയേറ്റക്കാരെ ഒഴിപ്പിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൈയേറ്റക്കാരെ ഒഴിപ്പിച്ച് കൈയേറിയ ഭൂമി തിരികെ കോളേജിന് നൽകാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) നെടുമങ്ങാട് ഗവൺമെന്റ് കോളേജിന്റെ ഗേറ്റിനു സമീപമായി സർവേ നം. 2287/2 ൽ 8 1/2 സെന്റ് സ്ഥലം എൽ.എ 565/90 നമ്പർ കേസ്സുപ്രകാരം 30.12.92 ൽ നെടുമങ്ങാട് വില്ലേജിൽ ചെല്ലാംകോട് ആക്കോടു പാറ അശ്വതി ഭവനിൽ വി.എസ്.ഷൈജ പേർക്ക് പതിച്ചു നൽകിയിട്ടുള്ളതും ടി സ്ഥലത്ത് ടി യാൾ വീട് വച്ചിട്ടുള്ളതുമാണെന്ന് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നേരത്തേ ഉണ്ടായിരുന്ന അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. നിലവിൽ കോളേജ് വക സ്ഥലത്ത് അനധികൃത കൈയേറ്റങ്ങൾ ഉള്ളതായി കാണുന്നില്ല.

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്

68 (851) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. 1999-2000 അദ്ധ്യയന വർഷത്തിൽ ആരംഭിക്കാനാണു ദ്ദേശിക്കുന്നത്.

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിൽ പുതിയ കോഴ്സുകൾ

69 (852) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ എം.സി.എ, എം.ബി.എ. കോഴ്സുകൾ തുടങ്ങണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻമേൽ എന്തു തീരുമാനമെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

പൊതുമേഖലയിലും സ്വകാര്യ മേഖലയിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

70 (853) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിലും സ്വകാര്യമേഖലയിലും ആരംഭിച്ച സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി കേരളത്തിൽ ഈ മേഖലയിൽ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും പഠന സൗകര്യം ഉണ്ടാക്കി കൊടുക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസരംഗത്തിന്റെ പ്രോത്സാഹനത്തിനായി ഇതുവരെ എത്ര സ്വാശ്രയ കോളേജുകൾക്ക് അനുമതി കൊടുത്തിട്ടുണ്ട്; ഇനി എത്ര എണ്ണം കൂടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്; എവിടെയെല്ലാം?

ഉത്തരം

(എ) പൊതുമേഖലയിൽ തൃക്കരിപ്പൂർ, കുമിളി, വെച്ചൂച്ചിറ, പുനലൂർ എന്നീ സ്ഥലങ്ങളിൽ 1998-99 അദ്ധ്യയന വർഷത്തിലും, നെടുമങ്ങാട്, കടുത്തുരുത്തി, നെടുംകണ്ടം, ചേലക്കര, മേപ്പാടി എന്നീ സ്ഥലങ്ങളിൽ 1999-2000 അദ്ധ്യയന വർഷത്തിലും പോളിടെക്നിക്കുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, മാവേലിക്കര എന്നീ സ്ഥലങ്ങളിലെ ഫൈൻ ആർട്സ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 1999-2000 അദ്ധ്യയനവർഷം മുതൽ ഫൈൻ ആർട്സ് കോളേജുകളായി

LIBRARY ARCHIVES Kerala Legislative Assembly